# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM8/330/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/04/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(AIMS)
2. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, മലപ്പുറം
3. കാര്യാലയ പകർപ്പ്

നമ്പർ: KSA.MPM8/330/22 തീയ്യതി: 06/04/2022

## മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 21-01-2022 തീയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കലുകളും പരിശോധനയ്ക്ക് വിധേയമാക്കി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സൈമൺ കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ.പി.(ഓഡിറ്റ് ഓഫീസർ )
ശ്രീ. യൂസഫ്.പി. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ )
ശ്രീ. ഷജീർ. കെ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. ഇദ്രീസ് അബ്ദുള്ള (ഓഡിറ്റർ)
ശ്രീമതി സുജിത.പി.കെ.(ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ആതവനാട് മുഹമ്മദ് കുട്ടി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി. വസീമാ വേളേരി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. അജിത കെ | സെക്രട്ടറി | 01-04-2020 | 22-11-2020 |
| ശ്രീ. റഷീദ് സി | സെക്രട്ടറി | 23-11-2020 | 07-12-2020 |
| ശ്രീമതി. അജിത കെ | സെക്രട്ടറി | 08-12-2020 | 31-01-2021 |
| ശ്രീമതി. ബഷീർ എ | സെക്രട്ടറി | 01-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പത്മജാദേവി ജി | സി.ഡി.പി.ഒ | 01-04-2020 | 11-09-2020 |
| ഒഴിവ് | സി.ഡി.പി.ഒ | 12-09-2020 | 13-09-2020 |
| ശ്രീമതി. തനൂജ കെ | സി.ഡി.പി.ഒ | 14-09-2020 | 08-12-2020 |
| ശ്രീമതി. ദീപ എ.എസ് | സി.ഡി.പി.ഒ | 09-12-2020 | 31-03-2021 |
| ഡോ. വിജിത്ത് വിജയശങ്കർ | സിവിൽ സർജൻ | 01-04-2020 | 28-02-2021 |
| ഡോ. അലിയാമു ടി.കെ | സിവിൽ സർജൻ | 01-03-2021 | 31-03-2021 |
| ശ്രീ. സുധീർ പി | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 23-12-2020 |
| ശ്രീ. മുഹമ്മദ് നയീം ബി.വി | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ (അഡീഷണൽ ചാർജ്) | 24-12-2020 | 31-03-2021 |
| ശ്രീമതി. ബീന എം.കെ | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 10-06-2020 |
| ശ്രീ. മനോജ് കുമാർ ബി | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 11-06-2020 | 31-03-2021 |
| ശ്രീ. അശോകൻ പി.കെ | എസ്.സി.ഡി.ഒ | 01-04-2020 | 31-03-2021 |
| ശ്രീ. മനോജ് കുമാർ എം.എസ് | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ. അബ്ദുൽ ഖാലിക് സി.എം | അസി.എഞ്ചിനീയർ | 01-04-2020 | 26-06-2020 |

| | | | |
|---|---|---|---|
| ശ്രീമതി. നന്ദിത എം.ടി | അസി.എഞ്ചിനീയർ | 27-06-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 31-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-01-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 01-02-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 01-02-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 27-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Simon K (Senior Deputy Director, On 25-03-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 31-01-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-01-2022) | 1-11 |
| 13 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഫർണിഷിംഗ് നടത്തി<br>Written By: Yousuf.P (Asst. Audit Officer, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 25-03-2022) | 1-12 |
| 14 | വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Yousuf.P (Asst. Audit Officer, On 01-02-2022)<br>Last Updated By: Simon K (Senior Deputy Director, On 01-04-2022) | 1-13 |
| 15 | കുറഞ്ഞ വീതിയുള്ള റോഡുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നു.<br>Written By: ABDHU NAZER.P (Audit Officer, On 31-01-2022)<br>Last Updated By: Simon K (Senior Deputy Director, On 25-03-2022) | 1-14 |
| 16 | എസ്.സി.കോളനികളുടെ നവീകരണം- പദ്ധതി പ്പണം വിനിയോഗിച്ചത് ക്രമത്തിലല്ല<br>Written By: ABDHU NAZER.P (Audit Officer, On 01-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 01-02-2022) | 1-15 |

| | | |
|---|---|---|
| 17 | കുടിശ്ശിക പിരിച്ചെടുക്കുവാനുണ്ട്<br>Written By: Sujitha.P.K (Auditor, On 02-02-2022)<br>Last Updated By: Sujitha.P.K (Auditor, On 02-02-2022) | 1-16 |
| 18 | താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല<br>Written By: Sujitha.P.K (Auditor, On 02-02-2022)<br>Last Updated By: Sujitha.P.K (Auditor, On 05-02-2022) | 1-17-1 |
| 19 | പരിരക്ഷ- മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല<br>Written By: Sujitha.P.K (Auditor, On 02-02-2022)<br>Last Updated By: Simon K (Senior Deputy Director, On 01-04-2022) | 1-17-2 |
| 20 | എസ് . സി വിദ്യാർത്ഥികൾക്ക് പഠന മുറി - അപാകതകൾ<br>Written By: Sujitha.P.K (Auditor, On 02-02-2022)<br>Last Updated By: Simon K (Senior Deputy Director, On 26-03-2022) | 1-18 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Simon K (Senior Deputy Director, On 26-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Simon K (Senior Deputy Director, On 26-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Simon K (Senior Deputy Director, On 26-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 02-02-2022)<br>Last Updated By: Simon K (Senior Deputy Director, On 26-03-2022) | 4-11 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) 24.02.2020 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 08.07.2021 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23642759 |
| വരവ് | 75745330 |
| ആകെ | 99388089 |
| ചെലവ് | 85610540 |
| നീക്കിയിരിപ്പ് | 13777549 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 38248088 | 38248088 | 36349560 | 1898528 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12852138 | 12852138 | 12245713 | 606425 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6679749 | 6679749 | 6679749 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 7190000 | 7190000 | 5669677 | 1520323 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | 7190000 | 7190000 | 6559083 | 630917 |

## 1-4-1 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Development Fund (General)- ചെലവ് 33569302/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 36349560/-രൂപയാണ്. 2780258/-രൂപയുടെ വ്യത്യസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 145 | 101060802 | 112 | 66497624 | 0 | 33 | 77% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2022 ന് 10.15

മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ക്യാഷ് ഇനത്തിൽ ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

മാസ്റ്റർ ഇൻകുമ്പൻസി റജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചതും കൈമാറിക്കിട്ടിയതുമായ കെട്ടിടങ്ങൾ പൊതു ജനത്തിന് പ്രയോജനപ്പെടുത്തുന്നതിനും അതു വഴി വരുമാന സ്രോതസ്സ് കണ്ടെത്തുന്നതിനും ശ്രദ്ധ ചെലുത്തിയിട്ടില്ല.ഉദാ- കടുങ്ങാത്തുകുണ്ടിലുള്ള വി.ഇ.ഒ. ക്വാർട്ടേഴ്സ്, ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് നൽകിയ വിശ്രമ മുറി, മിനി ഹാൾ, ഓപ്പൺ ലൈബ്രറി,സ്നാക്സ് കൗണ്ടർ എന്നിവ പ്രവർത്തിക്കാതെ അടഞ്ഞ് കിടക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.09.2021 13.10.2021 | 2019-20, 2020-21 | 15.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.01.2019 22.01.2019 | 01.08.2016 31.12.2018 | 01.03.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. AFS, B-7 Schedule പ്രകാരം 231004/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ മേൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

2. AFS, B-18 Schedule പ്രകാരം Kerala Water Authorityക്ക് മുൻകൂറായി നൽകിയ തുകയുടെ ബാലൻസ് 1571189/-രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഇത് 2390000/-രൂപയാണ്.

3. B-9 ഷെഡ്യൂളിലെ Stale Cheque ഇനത്തിലെ 33260 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4. Lease Rental ഇനത്തിലെ ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഈ ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിക്കാനായില്ല.

6. എല്ലാ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-12 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഫർണിഷിംഗ് നടത്തി

പ്രോജക്ട് : 119/21,ബ്ലോക്ക് പഞ്ചായത്ത് അനുബന്ധ കെട്ടിടത്തിൽ ഫർണിഷിംഗ്

നിർവ്വഹണം : സെക്രട്ടറി

ബിൽ നം./തീയതി :

300196572/ 25.5.20 : 8,19,770 (MG-NR)

300197301/ 25.5.20 : 5,93,949 (Dev.Gen)

ആകെ :14,13,719

ആർട്കോ കോഴിക്കോടിന്റെ 94/15.10.19 നമ്പർ കാഷ് ബിൽ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ അനുബന്ധ കെട്ടിടത്തിൽ ഓഫീസ് ആവശ്യാർത്ഥം ഫർണിഷിംഗ് നടത്തിയതിന് 1413719 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ആയതിൽ 8,19,770 രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റ് തുകയാണ്. G.O.(MS)330/04/LISGD Dated 09-12-2004, G.O.(MS)300/2010/LSGD Dated 10-12-2010, സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. തീയതി 29-01-2018 ഖണ്ഡിക 6,7 തുടങ്ങി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗ രേഖകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഫർണിഷിംഗ് നടത്തുന്നതിന് പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതിയുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന കാര്യാലയത്തിൽ ഫർണിഷിംഗ് നടത്തുന്നതിന് അനുമതി ഉത്തരവുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 06 /31.01.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അനുമതി പത്രം ലഭ്യമാക്കുന്നതുവരെ റോഡിതര മെയിന്റനൻസ് ഗ്രാന്റ് തുക

8,19,770 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-13 വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതികൾക്കും മറ്റുമായി പട്ടികപ്പെടുത്തിയ പ്രോജക്ടുകൾ പ്രകാരം വിഹിതം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ / തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണം : സെക്രട്ടറി

| ക്ര.നം | പ്രോജക്ട് | ഫണ്ട് | ബിൽ നം/തീയതി | തുക | സെക്രട്ടറിയുടെ പേര് |
|---|---|---|---|---|---|
| 1 | 13/21,കരേക്കാട് സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ-മാറാക്കര ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 801403315/ 27.3.21 | 5,00,000 | ബഷീർ.എ. |
| 2 | 17/21,പുത്തനത്താണി വീനസ് പടി -മാളിയേക്കൽ റോഡ് നവീകരണം-ആതവനാട് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 93014559993/ 31.3.21 | 2,50,000 | ബഷീർ.എ. |
| 3 | 18/21,പാലപ്പറമ്പ് പൊട്ടൻചോല റോഡ് നവീകരണം-മാറാക്കര ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 9301455992/ 31.3.21 | 3,00,000 | ബഷീർ.എ. |
| 4 | 46/21,കാവുങ്ങൽ-പുളിഞ്ചോല തോട് നവീകരണം-ആതവനാട് ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | വികസന ഫണ്ട് (ജനറൽ) | 9301455998/ 31.3.21 | 4,27,643 | ബഷീർ.എ. |
| 5 | 109/21,ഇരിമ്പിളിയം പുറമണ്ണൂർ 37ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം-എം.ജി.എൻ.ആർ.ജി.എസ്. സ്റ്റേറ്റ് മിഷൻ അക്കൗണ്ടിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം അടവാക്കൽ | വികസന ഫണ്ട് (ജനറൽ) | 300010289/ 11.4.20 | 3,00,000 | അജിത |
| 6 | 148/21,ചിരട്ടക്കുന്ന് എസ്.സി.കോളനി ഭിത്തി സംരക്ഷണം- കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | വികസന ഫണ്ട് (ജനറൽ) | 301456123 / 31.3.21 | 4,25,000 | ബഷീർ.എ. |
| 7 | 160/21, കുഴൽ കിണർ-കൈലിശ്ശേരി റോഡ് കോൺക്രീറ്റിംഗ്-കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 301456124/ 31.3.21 | 1,48,030 | ബഷീർ.എ. |
| 8 | 161/21,പൊറ്റപ്പുറം റോഡ് | ധനകാര്യ | 301456125/ | 2,04,343 | ബഷീർ.എ. |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്-കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | കമ്മീഷൻ അവാർഡ് | 31.3.21 | | |
| 9 | 162/21,ചെറുകാട്ടിരി പള്ളിയാൽ ഇല്ലത്ത് വളപ്പ് റോഡ് കോൺക്രീറ്റിംഗ്-കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 301455996/ 31.3.21 | 99,399 | ബഷീർ.എ. |
| 10 | 163/21,വെണ്ടല്ലൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് കെ.ഡബ്ല്യു.എ.പൈപ്പ് ലൈൻ നീട്ടൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 9301109187/ 10.2.21 | 5,00,000 | ബഷീർ.എ. |
| 11 | 164/21,ആതവനാട് ഡിവിഷനിലെ വാർഡ് 8,11ഭാഗങ്ങളിലേയ്ക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 9300549515/ 24.9.20 | 10,00,000 | അജിത |
| 12 | 165/21,കുറുമ്പത്തൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 9300549512 / 24.9.20 | 8,90,000 | ബഷീർ.എ. |
| 13 | 166/21,കുറ്റിപ്പുറം ടൗൺ അഴുക്കുചാൽ അഭിവൃദ്ധിപ്പെടുത്തൽ-കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 9301456122/ 31.3.21 | 5,00,000 | ബഷീർ.എ. |
| 14 | 168/21,സ്രാമ്പിപ്പടി-ആന്തൂർ ചോല റോഡ് നവീകരണം-ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 6401141132/ 24.2.21 | 2,00,000 | ബഷീർ.എ. |
| 15 | 169/21,നെരയംകുന്ന് റോഡ് കോൺക്രീറ്റിംഗ്-കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | വികസന ഫണ്ട് (ജനറൽ) | 9301456126/ 31.3.21 | 1,00,000 | ബഷീർ.എ. |
| 16 | 170/21,പാപ്പിനിശ്ശേരി മിച്ചഭൂമി റോഡ് നവീകരണം-കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | വികസന ഫണ്ട് (ജനറൽ) | 901436417/ 30.3.21 | 62,154 | ബഷീർ.എ. |
| | ആകെ | | | 5906569 | |

ഓഡിറ്റ് എൻക്വയറി (നം. 05 /31.01.2022) നൽകിയെങ്കിലും വിനിയോഗ/ പൂർത്തീകരണ വിവരം

ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 5906569 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-14 കുറഞ്ഞ വീതിയുള്ള റോഡുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 172 (1) ാം വകുപ്പ്, നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം പൊതു മരാമത്ത് മേഖലയിൽ ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുകയാണ് ബ്ലോക്ക് പഞ്ചായത്തുകളിൽ നിക്ഷിപ്തമായ ചുമതല. പതിമൂന്നാം പഞ്ചവൽസരപദ്ധതി മാർഗ്ഗരേഖയിൽ ( സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ, തി-29.1.2018 ) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി റജിസ്റ്ററിൽ ചേർത്ത ആറ് മീറ്ററിൽ കുറയാത്ത വീതിയുള്ള ഏത് റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുമുണ്ട്.

എന്നാൽ 2019-20, 2020-21 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായിട്ടുള്ള മൂന്ന് മീറ്റർ മുതൽ 4 മീറ്റർ വരെ വീതിയുള്ള റോഡുകൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തിയിട്ടുണ്ട്.

ഉദാ- 1. ചന്ദനക്കാവ് കാട്ടിലങ്ങാടി യതീംഖാന റോഡ് ( ആതവനാട് ഗ്രാ.പ)

പ്രൊജക്റ്റ് നമ്പർ-91/21 വീതി- 3.5 മീറ്റർ- 3.6 മീറ്റർ

2. കൊളക്കാട് പുള്ളക്കാട് റോഡ് (കുറ്റിപ്പുറം ഗ്രാ.പ.)

പ്രൊജക്റ്റ് നമ്പർ-86/21, വീതി- 3.8 മീറ്റർ

3. കെ വിപ്പടി വരിക്കോടൻ പടി റോഡ് നവീകരണം (ആതവനാട് ഗ്ര.പ.)

പ്രൊജക്റ്റ് നമ്പർ-28/21, വീതി- 3 മീറ്റർ- 3.5 മീറ്റർ

4. മായിൻകുന്ന് പാറാംകുളം റോഡ് നവീകരണം (കൽപകഞ്ചേരി ഗ്രാ.പ.)

പ്രൊജക്റ്റ് നമ്പർ-44/20, വീതി- 3.6 മീറ്റർ

5. മൊയ്തുപടി സ്കൈലാബ് റോഡ് നവീകരണം (എടയൂർ ഗ്രാ.പ.)

പ്രൊജക്റ്റ് നമ്പർ-46/20, വീതി- 3.5മീറ്റർ- 3.8 മീറ്റർ

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി റോഡ് നിർമ്മാണ പ്രൊജക്റ്റുകൾ ഏറ്റെടുത്ത് നടപ്പാക്കിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 9/2020-21/31.1.2022 നുള്ള മറുപടിയിൽ സ.ഉ, (സാധാ). നം.2313/2018/ത.സ്വ.ഭ.വ. തി-23.8.2018 നമ്പർ ഉത്തരവിൽ വീതിയുടെ കാര്യം പരിഗണിക്കാതെ റോഡുകൾ ഏറ്റെടുത്ത് നവീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിരുന്നുവെന്ന് അറിയിച്ചു. എന്നാൽ 2018-ലെ മഴക്കെടുതിയെ തുടർന്നുള്ള പ്രത്യേക സാഹചര്യത്തിൽ അടിയന്തിര സ്വഭാവമുള്ള റോഡ് പ്രവൃത്തികൾ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി നൽകുകയാണ് മേലുത്തരവിൽ ചെയ്തിട്ടുള്ളത്. 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ അത്തരം പ്രവൃത്തികൾക്ക് മാത്രമാണ് റോഡിന്റെ വീതി ബാധകമാകാത്തത്. 2019-20,20-21 വർഷങ്ങളിൽ വീതി കുറഞ്ഞ റോഡുകൾ ഏറ്റെടുത്തതിന് മേൽ മറുപടി പരിഗണനാർഹമല്ല.

റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-15 എസ്.സി.കോളനികളുടെ നവീകരണം- പദ്ധതി പ്പണം വിനിയോഗിച്ചത് ക്രമത്തിലല്ല

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം, 172 (1) ാം വകുപ്പ്, നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ വികസന മേഖലയിൽ പ്രീ മെട്രിക് ഹോസ്റ്റലുകൾ നടത്തുകയും പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ നടത്തുകയുമാണ് ബ്ലോക്ക് പഞ്ചായത്തുകളിൽ നിക്ഷിപ്തമായ ചുമതല. പതിമൂന്നാം പഞ്ചവൽസരപദ്ധതി മാർഗ്ഗരേഖയിൽ( സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ, തി-29.1.2018 ) തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളായി ഏൽപിച്ച് കൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിനായിരിക്കണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കേണ്ടതെന്നും സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്.

2020-21 വർഷത്തിൽ എസ്.സി കോളനികളുടെ നവീകരണം എന്ന പേരിൽ പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ചുവടെ ചേർത്തിട്ടുള്ള വിധം ആകെ 28,00060 രൂപ എസ്.സി. ഉപപദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ/ കുടുംബത്തിന്റെ സ്വകാര്യ ഭൂമിക്ക് ചുറ്റുമതിൽ / സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകുകയാണ് പ്രൊജക്റ്റ് പ്രകാരം ചെയ്തിട്ടുള്ളത്. കോളനികളിൽ അടിസ്ഥാന

സൗകര്യമൊരുക്കുന്നതിനും പൊതു ആസ്തികളുടെ സംരക്ഷണത്തിനും പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കോളനികൾക്കുള്ളിലെ റോഡ് പ്രവൃത്തികൾക്കും മാത്രമാണ് പട്ടികജാതി സങ്കേതങ്ങളിൽ ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നത്. എന്നാൽ ഓരോ വ്യക്തികളുടെ/ കുടുബത്തിന്റെ ആസ്തി സംരക്ഷണമാണ് ഈ പ്രൊജക്ടുകളിലൂടെ നിർവഹിച്ചിട്ടുള്ളത്. പ്രൊജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്ര. നം. | പ്രൊജക്ട് | ചെലവ് |
|---|---|---|
| 1 | വെള്ളത്തുംപറമ്പ് എസ് സി കോളനി നവീകരണം (കുറ്റിപ്പുറം ഗ്ര.പ.)<br>പ്രൊജക്ട് നമ്പർ-77/20, 136/21 (സ്പിൽഓവർ)<br>സാങ്കതികാനുമതി- 5 ലക്ഷം<br>ബിൽ നമ്പർ- 10/20.4.20 | 401481 |
| 2 | തോരക്കാട്ട് തൊടി എസ് സി കോളനി നവീകരണം (എടയൂർ ഗ്ര.പ.)<br>പ്രൊജക്ട് നമ്പർ-85/20, 137/21 (സ്പിൽഓവർ)<br>സാങ്കതികാനുമതി- 5 ലക്ഷം<br>ബിൽ നമ്പർ- 11/20.4.20 | 421490 |
| 3 | മയങ്ങനാലുക്കൽ എസ് സി കോളനി നവീകരണം (എടയൂർ ഗ്ര.പ.)<br>പ്രൊജക്ട് നമ്പർ-36/21<br>സാങ്കതികാനുമതി- 7 ലക്ഷം<br>ബിൽ നമ്പർ- 55/19.3.2021, 572917 രൂപ<br>ബിൽ നമ്പർ- 61/29.3.2021, 124713 രൂപ | 697630 |
| 4 | കുറിഞ്ഞാംകുന്ന് എസ് സി കോളനി നവീകരണം (ഇരിമ്പിളിയം ഗ്രാ.പ)<br>പ്രൊജക്ട് നമ്പർ-153/21<br>സാങ്കതികാനുമതി- 5 ലക്ഷം<br>ബിൽ നമ്പർ- 53/19.3.2021 | 492735 |
| 5 | തച്ചാടിപ്പറമ്പ് എസ് സി കോളനി നവീകരണം (മാറാക്കര ഗ്രാ.പ.)<br>പ്രൊജക്ട് നമ്പർ-79/20,82/21<br>സാങ്കതികാനുമതി- 5 ലക്ഷം<br>ബിൽ നമ്പർ- 60/31.3.2020, 50000 രൂപ<br>ബിൽ നമ്പർ- 65/31.3.2020, 50000 രൂപ<br>ബിൽ നമ്പർ- 18/20.4.2020, 215093 രൂപ<br>ബിൽ നമ്പർ- 33/27.8.2020, 81145 രൂപ | 396238 |
| 6 | ആലുക്കുട്ടം എസ് സി കോളനി നവീകരണം (ഇരിമ്പിളിയം ഗ്രാ.പ)<br>പ്രൊജക്ട് നമ്പർ-80/20, 83/21<br>സാങ്കതികാനുമതി- 5 ലക്ഷം<br>ബിൽ നമ്പർ- 62/31.3.2020, 50000 രൂപ<br>ബിൽ നമ്പർ- 17/20.4.2020, 246800 രൂപ<br>ബിൽ നമ്പർ- 22/27.8.2020, 93686 രൂപ | 390486 |
| | ആകെ | 2800060 |

ഈ കാലയളവിലേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ (GO(MS) 11/2018/ LSGD Dt 29.01.2018) പ്രകാരം ,പട്ടികജാതി ഉപപദ്ധതിയിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകളും പട്ടികജാതിക്കാരുടെ പൊതു സൗകര്യ വികസനത്തിനുള്ള പ്രൊജക്ടുകളും ഏറ്റെടുക്കാവുന്നതാണ് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും നൽകാവുന്ന വ്യക്തിഗത ആനുകൂല്യങ്ങളും ,

നൽകാവുന്ന പരമാവധി തുകയും സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ( GO(MS) 22/2018/ LSGD Dt 14.02.2018 )

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദിക്കപ്പെട്ട ഇനങ്ങൾക്ക് അനുവദിക്കപ്പെട്ട നിരക്കിന് വിധേയമായി മാത്രമെ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകാവൂ എന്നത് സർക്കാർ വ്യക്തമാക്കിയതാണ്. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിന് ധനസഹായം നൽകണമെങ്കിൽ സർക്കാറിന്റെ പ്രത്യേക അനുമതി തേടേണ്ടതാണ് എന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ ഭൂമിക്ക് ചുറ്റുമതിൽ / സംരക്ഷണ ഭിത്തി കെട്ടി നൽകുന്നതിന് സബ്സിഡി മാർഗ്ഗരേഖയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകളിലോ സർക്കാർ അനുമതി നൽകിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതിരുന്നതിനും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകളിൽ ഉൾപെടാത്തതുമായ മേൽ പ്രൊജക്ടുകൾ ഏറ്റെടുത്ത് പദ്ധതിപ്പണം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ

ഓഡിറ്റ് എൻക്വയറി നമ്പർ- 2/ 29.1.2022 നുള്ള മറുപടിയിൽ പട്ടിക ജാതിക്കാരുടെ സാമ്പത്തിക,സാമൂഹിക,പശ്ചാത്തല സൗകര്യ വികസനം ലക്ഷ്യമാക്കി പട്ടിക ജാതി സങ്കേതങ്ങളെ ചേരി സംസ്കാരത്തിൽ നിന്നും മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിന് വേണ്ട ചുമതലകൾ നിറവേറ്റുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി പദ്ധതി രൂപീകരിച്ച് ഡി.പി.സി.യുടെ അനുമതി ലഭ്യമാക്കിയാണ് മേൽ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളതെന്നും സംസ്ഥാന വ്യാപകമായി ഇത്തരത്തിലുള്ള പ്രൊജക്ടുകൾ നടപ്പാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നിക്ഷിപ്തമായ ചുമതലകളിൽ നിന്നും വ്യതിചലിച്ചും പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളുടെ അന്തസത്ത ഉൾകൊള്ളാതെയും പദ്ധതിപ്പണം ചെലവഴിക്കുന്നതിന് മേൽ മറുപടി ന്യായീകരണമാകുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ നിക്ഷിപ്ത ചുമതലകൾ നിറവേറ്റുന്നതിന് പദ്ധതി/ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ഉൾകൊണ്ടുള്ള പ്രൊജക്ടുകളായിരിക്കണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കേണ്ടത്.

ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-16 കുടിശ്ശിക പിരിച്ചെടുക്കുവാനുണ്ട്

2020-21 വാർഷിക കണക്ക പ്രകാരം ലീസ് ഓഫ് ലാൻഡ് ഇനത്തിൽ തൻവർഷം 42720/- രൂപയും മുൻവർഷങ്ങളിൽ 29704/- രൂപയും ലീസ് റെന്റൽസ് ഇനത്തിൽ 774221/-രൂപയും പിരിച്ചെടുക്കുവാനുണ്ട്. ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല . അപാകതക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ട് എൻക്വയറി (എൻക്വയറി നം 7/31.01.2022/2020-21) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-17-1 താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

പ്രൊജക്ടിന്റെ പേര്- താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ
നിർവഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ

നം-139/2021

അടങ്കൽ-500000 (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ചെലവ്- 499459

ബിൽ നം/തീ-8/20-21 07.01.2021

താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 459000/- മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ 32008/- രൂപയുടെ മരുന്ന് കൂടി ലഭ്യമാവാനുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|
| 30084 | 5.2.21 | 64845 |

| | | |
|---|---|---|
| 2268 | 5.2.21 | 51602 |
| 2269 | 6.2.21 | 15917 |
| 31229 | 16.2.21 | 40244 |
| 1989 | 30.5.21 | 32205 |
| 3206 | 1.7.21 | 36195 |
| 3205 | 1.7.21 | 48308 |
| 3306 | 3.7.21 | 40244 |
| 3464 | 7.7.21 | 23863 |
| 3754 | 15.7.21 | 59481 |
| 7390 | 14.10.21 | 6275 |
| 10399 | 24.12.21 | 7813 |
| | ആകെ | 426992 |
| | മുൻകൂർ | 459000 |
| | ബാക്കി | 32008 |

അപാകതക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.4/29.01.2022/2020-21) മരുന്ന് ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

.

1-17-2 പരിരക്ഷ- മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

പ്രൊജക്ടിന്റെ പേര്- "ഉണർവ്" കിടപ്പിലായ രോഗികൾക്ക് സെക്കന്ററി പാലിയേറ്റീവ് പ്രവർത്തനങ്ങൾ
നിർവഹമോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ

പ്രൊജക്ട് നം-58/2021

അടങ്കൽ-500000(വികസന ഫണ്ട്- ജനറൽ)

ചെലവ്-402126

ബിൽ നം/തീ-12/20-21/31.03.2021

പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് 126000/- രൂപ നൽകിയിട്ടുണ്ട്. ആയതിൽ 11574/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു

| ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|
| 3306 | 03.07.21 | 40244 |
| 3307 | 03.07.21 | 16585 |
| 3305 | 03.07.21 | 16268 |
| 3464 | 07.07.21 | 23863 |
| 4294 | 30.07.21 | 1818 |
| 7257 | 13.10.21 | 6650 |
| 8608 | 06.11.21 | 8998 |
| | ആകെ | 114426 |
| | മുൻകൂർ | 126000 |
| | ബാക്കി | 11574 |

അപാകതക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.4/29.01.2022/2020-21) മരുന്ന് ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 എസ് . സി വിദ്യാർത്ഥികൾക്ക് പഠന മുറി - അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

പദ്ധതി നം- 92/21

അടങ്കൽ-5567258 (SCP-1567258,

ജില്ല പഞ്ചായത്ത്-400000)

ചെലവ് തുക – 2575000 (SCP-1550000, ജില്ല പഞ്ചായത്ത്-1025000)

എസ്.സി വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ എന്ന പദ്ധതി പ്രകാരം 26 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്.അതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| 1 | ജിനേഷ് ബാബു സി, ചെമ്പ്രന്മാരിൽ (ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്) | 125000 |
| 2 | ചന്ദ്രൻ വി പി, വട്ടപറമ്പിൽ (ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്) | 125000 |
| 3 | ദീപ, ചെമ്പന്മാരിൽ (മാറാക്കര ഗ്രാമ പഞ്ചായത്ത്) | 125000 |
| 4 | പരമേശ്വരൻ, പുളിക്കപറമ്പിൽ (കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്) | 125000 |
| 5 | സുന്ദരൻ, പാൽകുഴി പറമ്പിൽ (കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്) | 125000 |
| 6 | വിശ്വംഭരൻ, കള്ളപ്പാടി കിഴക്കേപുരക്കൽ (എടയൂർ ഗ്രാമ പഞ്ചായത്ത്) | 125000 |
| 7 | ചന്ദ്രൻ പി, പാറേക്കളം (ആതവനാട് ഗ്രാമ പഞ്ചായത്ത്) | 125000 |
| 8 | മണികണ്ഠൻ, മണ്ടകപറമ്പിൽ (ആതവനാട് ഗ്രാമ പഞ്ചായത്ത്) | 125000 |

| | | |
|---|---|---|
| 9 | അജയകുമാർ, മുളക്കത്തൊടി,<br>(ആതവനാട് ഗ്രാമ പഞ്ചായത്ത്) | 125000 |
| 10 | നീലകണ്ഠൻ, പള്ളത്ത്<br>(ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്) | 125000 |

പഠനമുറി പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/31.01.2022)മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് കർശന നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പണി പൂർത്തീകരിച്ച് വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാം എന്നറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2019-20 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| KWA | 164/21,ആതവനാട് ഡിവിഷനിലെ വാർഡ് 8,11ഭാഗങ്ങളിലേയ്ക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 9300549515/ 24.9.20 | 10,00,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 10,00,000 |

| | | | | | | |
|---|---|---|---|---|---|---|
| KWA | 165/21,കുറുമ്പത്തൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 9300549512 / 24.9.20 | 8,90,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 8,90,000 |
| KWA | 166/21,കുറ്റിപ്പുറം ടൗൺ അഴുക്കുചാൽ അഭിവൃദ്ധിപ്പെടുത്തൽ- കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ | 9301456122/ 31.3.21 | 5,00,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 5,00,000 |
| KWA | 163/21,വെങ്ങല്ലൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് KWA പൈപ്പ് ലൈൻ നീട്ടൽ | 9301109187/ 10.02.2021 | 5,00,000 | 0 | 0 | 5,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2001-02 | V-10-1 IV-3 | സ്റ്റോർപർച്ചേസ് ചട്ട ലംഘനം | നടപടികൾ തുടരുന്നു |
| 2001-02 | 3-3 | 2007-08 | 3-1-53 | സ്ഥലം വാങ്ങൽ അപാകതകൾ | ,, |
| 2003-04 | 2-10 | ,, | 3-1-54 | ,, | ,, |

| | | | | | |
|---|---|---|---|---|---|
| 2002-03 | 3-8,3-12,3-16 | ,, | 3-61(1)(2)(3) | മരാമത്ത് പ്രവൃത്തി. നികുതികൾ ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയില്ല | ,, |
| 2014-15 | 3-3 | 2015-16 | 8-20 | അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി. 6.5 ലക്ഷം രൂപയുടെ പാഴ് ചെലവ് | ,, |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75745330 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85610540 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6726339 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 819770 | ശ്രീമതി. അജിത കെ ,സെക്രട്ടറി |
| 1-13 | 5906569 | ശ്രീമതി. അജിത കെ ,സെക്രട്ടറി-2190000<br>ശ്രീ.ബഷീർ.എ., സെക്രട്ടറി-3716569 |
| ആകെ | 6726339 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും ബാധകമല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1995-98 | എൽ.എഫ്.എം12/1122/99 തീയ്യതി 10.9.12 | 5 |
| 1998-99 | എൽ.എഫ്.എം12/887/00 തീയ്യത് 10.9.12 | 2 |
| 1999-00 | എൽ.എഫ്.എം4/460/05 തീയ്യത് 10.9.12 | 6 |
| 2000-01 | എൽ.എഫ്.എം4/1163/05 തീയ്യത് 10.9.12 | 15 |
| 2001-02 | എൽ.എഫ്.എം4/1161/05 തീയ്യത് 10.9.12 | 10 |
| 2002-03 | എൽ.എഫ്.എം17/1612/06 തീയ്യത് 20.8.10/10.9.12 | 8 |
| 2003-04 (ചെലവ്) | എൽ.എഫ്.എം17/1193//07 തീയ്യത് 10.9.12 | 11 |
| 2004-05 (ചെലവ്) | എൽ.എഫ്.എം17/1194/07 തീയ്യത് 10.9.12 | 3 |
| 2005-06 (ചെലവ്) | എൽ.എഫ്.എം17/1195/07 തീയ്യത്20.8.10 | 5 |
| 2006-07 (ചെലവ്) | എൽ.എഫ്.എം09/590/10 തീയ്യത് 17.1.13 | 11 |
| 2007-08 (ചെലവ്) | എൽ.എഫ്.എം09/591/10 തീയ്യത് 16.1.13 | 12 |
| 2008-09 (ചെലവ്) | എൽ.എഫ്.എം09/1586/10 തീയ്യത് 20.9.2010 | 16 |
| 2004-05 മുതൽ 2008-09 വരെ (വരവ്) | എൽ.എഫ്.എം04/2421(1)/14 തീയ്യത് 18.11.2014 | 1 |
| 2009-10-2013-14 | എൽ.എഫ്.എം.4/2421(2)/2014 തീയ്യത് 18.11.2014 | 13 |
| 2014-15 | കെ.എസ്.എ. എം.പി.എം 8/2516/15 തീയ്യതി. 16.11.2015 | 15 |
| 2015-16 | കെ.എസ്.എ. എം.പി.എം.8/524/2017 | 15 |
| 2016-17 | കെ.എസ്.എ. എം.പി.എം.8/2556/17/05-12-2017 | 6 |
| 2017 -18 | കെ.എസ്.എ. എം.പി.എം.8/392/2019/(12.4.19) | 16 |
| 2018 -19 | കെ.എസ്.എ. എം.പി.എം.8/978/2020/30-10-2020 | 19 |
| 2019 -20 | കെ.എസ്.എ. എം.പി.എം.8/329/2022/ | 16 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്